# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 9**

---

## പരിസ്ഥിതി പഠന ശിൽപ്പശാല 17 മുതൽ

എം.ജി സർവകലാശാലാ പരിസ്ഥിതി പഠനവകുപ്പ് സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന എൻവയോൺമെന്റൽ മോണിറ്ററിംഗ് ആൻഡ് അസസ്മെന്റ് ടെക്നിക്സ്(ഇ.എം.എ.റ്റി) ശിൽപ്പശാല മാർച്ച് 17 മുതൽ 21 വരെ നടക്കും.

പഠനവിഭാഗത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന പരിപാടിയിൽ വിദ്യാർഥികൾക്കും അധ്യാപകർക്കും പരിസ്ഥിതി പഠനത്തിൽ താല്പര്യമുള്ളവർക്കും പങ്കെടുക്കാം. സർവകലാശാലാ പരിസ്ഥിതി പഠന വിഭാഗത്തിലെ ലബോറട്ടറി സംവിധാനങ്ങളെക്കുറിച്ച് അറിയാനും സാമ്പിളുകൾ ശേഖരിക്കുന്നതിൽ പ്രായോഗിക പരിശീലനം നേടുന്നതിനും അവസരമുണ്ടാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന ചെയ്യുന്ന 50 പേർക്ക് പങ്കെടുക്കാം. മാർച്ച് 15നു മുൻപ് അപേക്ഷ നൽകണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിലും 9946637743 എന്ന നമ്പറിലോ emat3626@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ/39/281/2023)

## ശിൽപ്പശാല നടത്തി

ജല ശുദ്ധീകരണത്തിൽ മെംബ്രെയ്ൻ സയൻസിന്റെ നൂതന സാധ്യതകൾ എന്ന വിഷയത്തിലുള്ള രാജ്യാന്തര സമ്മേളനത്തിനു മുന്നോടിയായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ശിൽപ്പശാല വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

സർവകലാശാലയും സ്വീഡനിലെ ലൺഡ് സർവകലാശാലയും ഈജിപ്തിലെ നാഷണൽ റിസർച്ച് സെന്ററും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

ലൺഡ് സർവകലാശാലയിലെ പ്രഫ. ഫാങ്ക് ലിപ്നിസ്കി, ഈജിപ്തിലെ നാഷണൽ റിസർച്ച് സെൻററിൽനിന്നുള്ള പ്രഫ. മാർവ ഷലാബിയും പ്രഭാഷണം നടത്തി. ഡോ. വിശ്വനാഥൻ സ്വാമിനാഥൻ(സിങ്കപ്പൂർ), ജോ. ജോസഫ് എന്നിവർ സംസാരിച്ചു. രാജ്യാന്തര സമ്മേളനം ഇന്നു(മാർച്ച് 10) മുതൽ മാർച്ച് 12 വരെ നടക്കും.

(പി.ആർ.ഒ/39/282/2023)

## ദ്വിദിന ശില്പശാല

എം.ജി സർവകലാശാലാ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ സോഷ്യൽ സയൻസ് ഗവേഷണ വിദ്യാർഥകൾക്കായി മാർച്ച് 20,21 തീയതികളിൽ മികച്ച ഗവേഷണ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതു സംബന്ധിച്ച ദ്വിദിന ശില്പശാല സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ സംബന്ധിച്ച വിവിരങ്ങൾക്ക് 7012350408 എന്ന നമ്പറിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/283/2023)

## പരീക്ഷാ പരിശീലനം

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന യൂണിവേഴ്സിറ്റി അസിസ്റ്റൻറ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ 25 ദിവസത്തെ തീവ്രപരിശീലന പരിപാടി ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0481-2731025 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/284/2023)

## പരീക്ഷാ ടൈംടേബിൾ

മൂന്നാം സെമസ്റ്റർ എം.ബി.എ (2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയോടൊപ്പം ഫിനാൻഷ്യൽ ഡെറിവേറ്റീവ്സ് ആൻറ് റിസ്ക്ക് മാനേജ്മെൻറ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ മാർച്ച് 15ന് നടക്കും. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/285/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് സോഫ്റ്റ് വെയർ ഡെവലപ്മെൻറ് ആൻഡ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ(2020 അഡ്മിഷൻ റഗുലർ – പുതിയ സ്കീം – ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 13 മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടത്തും.

(പി.ആർ.ഒ/39/286/2023)

## പരീക്ഷാ ഫലം

2022 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) (സി.ബി.സി.എസ്, 2021 അഡ്മിഷൻ റഗുലർ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 23 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

..........................

മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി (ഓണേഴ്സ്, 2019 അഡ്മിഷൻ റഗുലർ, ജൂൺ 2022) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം മാർച്ച് 23 വരെ പരിക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

..........................

2022 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോ നാനോടെക്നോളജി(പി.ജി.സി.എസ്.എസ്, 2021 അഡ്മിഷൻ റഗുലർ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 22 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/287/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**